P(IT) /24969/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 06/07/2018

## സർക്കുലർ

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് പരിശീലന പരിപാടി ആവിഷ്ക്കരിക്കുന്നത് - സംബന്ധിച്ച്

സൂചന: സംസ്ഥാന ഹയർ സെക്കന്ററി ഡയറക്ടറുടെ 12/06/2018 - ലെ എ.ഡി.സി.എസ്.പി.സി (2)/116093/18/എച്ച്.എസ്.ഇ നമ്പർ കത്ത്.

ഈ കാര്യാലയത്തിനു കീഴിലെ ബിരുദാനന്തര ബിരുദ വിഭാഗങ്ങൾ ഉള്ള സർക്കാർ കോളേജുകൾ മുഖേന ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകുന്നതിനായി കോളേജുകളുടെ സന്നദ്ധത അറിയിക്കുന്നതിന് സൂചന പ്രകാരം ഹയർ സെക്കന്ററി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു. ഒരു ബാച്ചിൽ 40 അദ്ധ്യാപകർ ഉൾപ്പെടുന്ന 10 ദിവസത്തെ പരിശീലന പരിപാടിയാണ് ഹയർ സെക്കന്ററി വകുപ്പ് വിഭാവനം ചെയ്യുന്നത്. അനുഭവാധിഷ്ഠിത പഠനത്തിന് പ്രാമുഖ്യം നൽകി ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ആശയതലം വിപുലീകരിക്കുക, വ്യത്യസ്തമായ അറിവുകൾ പങ്കുവയ്ക്കുക, പുതിയ ബോധന രീതികൾ സ്വായത്തമാക്കുക മുതലായവയാണ് പരിശീലന പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്.

പരിശീലന പരിപാടിയുടെ സാമ്പത്തിക വശം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഹയർ സെക്കന്ററി വകുപ്പ് നിർവ്വഹിക്കുന്നതായിരിക്കും. സർക്കാർ കോളേജുകളിലെ മികച്ച ഫാക്കൽറ്റി അംഗങ്ങളുടെ സേവനം ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പരിശീലനത്തിന് പ്രയോജനപ്പെടുത്തുന്നതിനായി പ്രസ്തുത പരിശീലന പരിപാടി നടത്തുവാൻ താത്പര്യമുള്ള കോളേജുകൾ 10/07/2018 5.00 മണിക്ക് മുൻപായി ഇ - മെയിൽ മുഖാന്തിരം സന്നദ്ധത അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ഹരിത.വികുമാർ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1. എല്ലാ സർക്കാർ കോളേജുകൾക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)
2. നടപ്പ് ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ. 07/07/2018

GOVERNMENT OF KERALA

0676711